# സാന്തോം
## വോയ്സ്

മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

വാല്യം : 9 ലക്കം : 3
2021 ഫെബ്രുവരി – ഏപ്രിൽ





2021 മാർച്ച് മാസം 24-ാം തീയതി പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ
സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ
മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്തപ്പെട്ട ഊട്ടുപാറ ദൈവാലയം



2021 ഏപ്രിൽ മാസം 10-ാം തീയതി കർദ്ദിനാൾ ബസേലിയോസ് ക്ലിമ്മീസ്
കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ
കൂദാശ ചെയ്തപ്പെട്ട ളാക്കൂർ ദൈവാലയം



# സാന്തോം വോയ്സ്


മലങ്കര സുറിയാനി കത്തോലിക്കാ സഭ
പത്തനംതിട്ട രൂപതാ ബുള്ളറ്റിൻ

2021 ഫെബ്രുവരി - ഏപ്രിൽ

വാല്യം : 9, ലക്കം : 3

Published By :

Chancellor :
Rev.Dr.Joshy Vazhappillethu

**Eparchy of Pathanamthitta**



Email :

santhomptabulletin@gmail.com


ഉള്ളടക്കം


1. സർക്കുലർ..................... 03
2. സർക്കുലർ..................... 08
3. സർക്കുലർ..................... 16
4. രൂപതാവാർത്തകൾ.......... 18
5. എം.സി.വൈ.എം............ 35
6. വിശ്വാസപരിശീലനം.......... 39
7. സോഷ്യൽ സർവ്വീസ്.......... 39
8. സെമിനാരി.................... 42
9. എം.സി.എ.................... 44

# പാവനസ്മരണയ്ക്ക്



## വെരി റവ. ഡോ. ജി. ചേടിയത്ത്
## ഗീവർഗീസ് മല്പ്പാൻ

Ref: 3466/K-5/KCBC/OL/DS 12-03-2021

# കുടുംബവർഷാചരണത്തോടനുബന്ധിച്ച് കെസിബിസി ഫാമിലി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

(19.03.2021 - 26.06.2022)

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, വത്സല സഹോദരരേ,

തിരുക്കുടുംബ പാലകനായ വി. യൗസേപ്പിതാവിനെ സാർവ്രതിക സഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച "വിശുദ്ധ യസേപ്പിതാവിന്റെ വർഷാചരണ'ത്തിലാണല്ലോ തിരുസഭ. ഈ വർഷത്തിൽത്തന്നെ കുടുംബ വർഷാചരണം കൂടി പരിശുദ്ധ പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. ഫ്രാൻസിസ് പാപ്പ കുടുംബങ്ങളുടെ പവിത്രതയും വിവാഹത്തിന്റെ അമൂല്യതയും വ്യക്തമാക്കുന്ന തന്റെ അപ്പസ്തോലിക പ്രബോധനം 'അമോരിസ് ലെത്തീസ്യ' (സ്നേഹത്തിന്റെ ആനന്ദം) പ്രസിദ്ധീകരിച്ചതിന്റെ അഞ്ചാംവാർഷികത്തിലാണ് കുടുംബവർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. 2021 മാർച്ച് 19-ന് തുടങ്ങി 2022 ജൂൺ 26-ന് റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമത്തോടെ കുടുംബവർഷാചരണം സമാപിക്കും. എല്ലാ രൂപതകളിലും ഇടവകകളിലും മാർച്ച് 19-ാം തീയതിയോ അത് കഴിഞ്ഞ് വരുന്ന ഞായറാഴ്ചയോ സമുചിതമായി കുടുംബവർഷാചരണത്തിന് തുടക്കം കുറിക്കേണ്ടതാണ്.

ഓരോ കുടുംബവും യേശു സ്ഥാപിച്ച സഭയുടെ ചെറുപതിപ്പാണ് അല്ല സഭ തന്നെയാണ്. അതുകൊണ്ടാണ് രണ്ടാം വത്തിക്കാൻ കൌൺസിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്ന് വിളിക്കുന്നത്. ക്രൈസ്തവ ജീവിതത്തിന്റെ മൂലക്കല്ലായ കൂട്ടായ്മയുടെ പ്രകടമായ രൂപം കാണുന്നത് കുടുംബത്തിലാണ്. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പയുടെ വീക്ഷണത്തിൽ "ദൈവീക പദ്ധതിയിൽ കുടുംബം

സ്ഥാപിച്ചിരിക്കുന്നത് ജീവന്റെയും സ്നേഹത്തിന്റെയും ഒരൊറ്റ കൂട്ടായ്മയായിട്ടാണ്" (കുടുംബം ഒരു കൂട്ടായ്മ നം.17). കുടുംബത്തിൽ ഭാര്യഭർത്താക്കന്മാർ പരസ്പരം തങ്ങളെത്തന്നെ ദാനം ചെയ്ത്, വിവാഹ വാഗ്ദാനത്തോട് അനുദിനം വിശ്വസ്തത പുലർത്തിക്കൊണ്ട് തങ്ങളുടെ കൂട്ടായ്മയിൽ നിരന്തരം വളർച്ച പ്രാപിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

ദൈവം തന്നെ വിവാഹത്തിന്റെയും കുടുംബത്തിന്റെയും സ്ഥാപകനും സംരക്ഷകനും ആയത് കൊണ്ട്ഒരു മഹാരഹസ്യമായാണ് വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിവാഹത്തെ കാണുന്നത് (എഫേ. 5,32). ഒരർത്ഥത്തിൽ പരിശുദ്ധ ത്രിത്വം ഒരു രഹസ്യമായിരിക്കുന്നതുപോലെ, ത്രിത്വത്തെ വെളിവാക്കുന്ന കുടുംബവും ഒരു രഹസ്യമായി നിലകൊള്ളുന്നു. ത്രിത്വൈക രഹസ്യം മഹാരഹസ്യമായി നിലകൊള്ളുമ്പോഴും മാനവരക്ഷയ്ക്കായി അവതാരം ചെയ്യുകയും മാനവർക്ക് ആ രക്ഷ അനുഭവവേദ്യമാവുകയും ചെയ്തതുപോലെ ഓരോ കുടുംബവും സമൂഹത്തിന് നന്മയുടെ ഉറവിടമായി മാറണം. "സന്തോഷത്തിന്റെ സമാധാനം പേറുന്ന കുടുംബങ്ങൾ സഭയ്ക്കും സമൂഹത്തിനും മുതൽക്കൂട്ടാവുകയും ഇരുളടഞ്ഞ ലോകത്തിന് പ്രകാശമായി മാറുകയും വേണം" (സ്നേഹത്തിന്റെ ആനന്ദം, നം. 66).

പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന തന്റെ പ്രബോധനത്തിലൂടെ ഓർമ്മിപ്പിച്ച വിവാഹത്തിന്റെയും കുടുംബജീവിതത്തിന്റെയും വെല്ലുവിളികളെക്കുറിച്ച് വീണ്ടും വീണ്ടും ചിന്തിക്കുവാനും, പല കർമ്മപരിപാടികളിലൂടെയും കുടുംബങ്ങളെ നവീകരിക്കുവാനുമുള്ളതാണ് ഈ കുടുംബവർഷം. തങ്ങളെത്തന്നെ വീണ്ടെടുക്കുവാനും നവീകരിക്കുവാനുമുള്ള ദൗത്യമാണ് പാപ്പ ഓരോ കുടുംബങ്ങൾക്കും ഈ വർഷം നൽകുന്നത്. 'കുടുംബങ്ങളുടെ നവീകരണവും വീണ്ടെടുപ്പും' എന്ന ഈ കുടുംബവർഷത്തിന്റെ ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ രൂപതാ കുടുംബത്തിന്റെയും ഇടവക കുടുംബങ്ങളുടെയും നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും അത് നടപ്പിലാക്കുകയും വേണം.

കുടുംബജീവിതത്തിന്റെ പവിത്രതയും പഴയ കെട്ടുറപ്പും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് വിവാഹതകർച്ചുകളും വിവാഹമോചനങ്ങളും ഏറി വരുന്നുവെന്നത് ദൗർഭാഗ്യകരമായ ഒരു വസ്തുതയാണ്.കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് അതിനായി വേണ്ട ഒരുക്കവും പരിശീലനവുമുണ്ടെങ്കിൽ വിവാഹത്തേയും തുടർന്നുള്ള ജീവിതത്തേയും ശക്തിപ്പെടുത്തുവാൻ അത് സഹായകമാകും. പൊതുവായ മതബോധനവും വിവാഹാർത്ഥികളുടെ വ്യക്തിപരമായ ഒരുക്കവും നടക്കുന്നതോടൊപ്പം വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചുമുള്ള അടിസ്ഥാനപരമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. രൂപതാതലത്തിൽ സംഘടിപ്പിക്കുന്ന വിവാഹ ഒരുക്ക സെമിനാറുകൾക്ക് പുറമേ ഇടവകതലത്തിൽ കൗമാരക്കാരായ കുട്ടികൾക്ക് വിവാഹ ഒരുക്ക പരിശീലനം നൽകാവുന്നതാണ്.

കുടുംബത്തെ അടിസ്ഥാനപരമായി ഗാർഹിക സഭയായി കാണുമ്പോൾ മാനുഷികവും ധാർമ്മികവുമായ എല്ലാ മൂല്യങ്ങളും വളരേണ്ടതും പക്വത പ്രാപിക്കേണ്ടതും കുടുംബത്തിലാണെന്ന് സഭ അടിവരയിട്ട് പഠിപ്പിക്കുന്നു. നവ മാധ്യമങ്ങളുടെ അതിപ്രസരംമൂലം പങ്കുവയ്ക്കലിന്റെയും കൂട്ടായ്മയുടെയും നന്മകൾ കുടുംബങ്ങളിൽ ശിഥിലമായിക്കൊണ്ടിരിക്കുകയും ഓരോരുത്തരും ഭവനങ്ങളിൽ ഒറ്റപ്പെട്ട തുരുത്തുകളായി മാറുകയും ചെയ്തിട്ടുണ്ട്. ഇക്കാലത്ത് 'മാധ്യമമുക്ത കുടുംബ മണിക്കൂർ' (Digital Free Family Hour) കുടുംബങ്ങളിൽ നടപ്പിലാക്കാൻ ശ്രദ്ധിച്ചാൽ കുടുംബങ്ങൾ പ്രാർത്ഥനയുടെയും പരസ്പരമുള്ള സ്നേഹ സംഭാഷണങ്ങളുടെയും ഇടമായി മാറും.

കുടുംബങ്ങളുടെ വീണ്ടെടുപ്പിനും നവീകരണത്തിനുമായി ഇടവകതലത്തിൽ ഈ വർഷം വിവിധങ്ങളായ കുടുംബസംഗമങ്ങൾ നടത്തുന്നത് അഭിലഷണീയമാണ്. വൈദികരുടെയും സന്ന്യസ്തരുടെയും കുടുംബ സംഗമങ്ങൾ, നവദമ്പതിമാരുടെ കുടുംബ സംഗമങ്ങൾ, വിവാഹം കഴിഞ്ഞ് പല വർഷങ്ങളിലായിരിക്കുന്നവരുടെ

കുടുംബസംഗമങ്ങൾ... ഇത്തരത്തിൽ സംഘടിപ്പിക്കപ്പെടുന്ന കുടുംബസംഗമങ്ങൾ കുടുംബബന്ധങ്ങൾ ഊഷ്മളമാക്കുവാനും ദൃഢമാക്കുവാനും ഉപകാരപ്പെടും.

പ്രത്യേകമായ കരുതലും സ്നേഹവും പരിഗണനയും ആവശ്യപ്പെടുന്ന കുടുംബങ്ങളെ കണ്ടെത്തി അവരെ സന്ദർശിക്കുവാനും ആ കുടുംബങ്ങളെ വീണ്ടെടുക്കുവാനുമുള്ള ശ്രമങ്ങൾ കൂടുതലായും ഈ വർഷം നടത്തപ്പെടണം. വാർദ്ധക്യത്തിന്റെയും രോഗത്തിന്റെയും അസ്വസ്ഥതകൾ അലട്ടുന്ന കുടുംബങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാനും അവിടെയൊക്കെയും സ്നേഹത്തിന്റെ ആനന്ദം സമ്മാനിക്കാനും കഴിയണം.

കുടുംബവർഷത്തിൽ പ്രോ-ലൈഫ് പ്രവർത്തനങ്ങൾക്ക് കൂടുതൽ ശ്രദ്ധ നൽകണം. ഇടവകകളിൽ പ്രോ-ലൈഫ് സമിതികൾക്ക് രൂപം നൽകുകയും ജീവനെതിരെയുള്ള എല്ലാ തിന്മകൾക്കും നേരെ ജ്വലി ക്കുന്ന ശബ്ദമായി മാറുകയും വേണം.

ഇടവകകളിലെ വലിയ കുടുംബങ്ങളെ കണ്ടെത്തി സാധ്യമാകുന്ന വേദികളിൽ ആദരിക്കുകയും, സാമ്പത്തിക പരാധീനതകൾ നേരിടുന്ന വലിയ കുടുംബങ്ങളെ സഹായിക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകുകയും വേണം. വിവാഹ പ്രായമെത്തിയ യുവതീ-യുവാക്കളെ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും വിവാഹപ്രായം കഴിഞ്ഞിട്ട് വിവാഹിതരാകാതിരിക്കുന്ന വർക്ക് പ്രത്യേക കരുതൽ നൽകുകയും വേണം.

വിവാഹം ഒരു കൂദാശയായി സ്വീകരിക്കാതെ പാപാവസ്ഥയിൽ കഴിയുന്ന കുടുംബങ്ങളെ വീണ്ടെടുക്കുവാൻ പരിശ്രമിക്കണം. വിവാഹ മോചന കേസുകളിൽ തീർപ്പു കൽപ്പിച്ചു കിട്ടുന്നതിന് ഉത്സാഹം കാട്ടാനും ബദ്ധശ്രദ്ധരാകണം.

കുടുംബവുമായി ബന്ധപ്പെട്ട് വിവിധങ്ങളായ ഫോറങ്ങൾക്ക് രൂപം നൽകുകയും, അവ സജീവമായി പ്രവർത്തിക്കാനുള്ള

പരിശീലനങ്ങളും തുടർപരിപാടികളും ക്രമീകരിക്കുകയും ചെയ്യണം. അതുപോലെ തന്നെ കുടുംബവുമായി ബന്ധപ്പെട്ട് ഓർത്തിരിക്കേണ്ട ദിനങ്ങൾ അതിപ്രാധാന്യത്തോടെ അനുസ്മരിക്കുകയും, ആഘോഷിക്കുകയും, ക്രിയാത്മകമായി സംഘടിപ്പിക്കുകയും ചെയ്യണം.

കുടുംബം ഒരു വിളിയും ഉത്തരവാദിത്വവുമാണ്. കുടുംബങ്ങളിലെ പ്രശ്നങ്ങളെ തലനാരിഴ കീറി പരിശോധിക്കു ന്നതിനെക്കാൾ അവർക്കൊപ്പമുണ്ട് എന്ന ഉറപ്പ് നൽകാനാകണം. ഇന്ന് സഭ വളരേണ്ടതും വിശുദ്ധീകരിക്കപ്പെടേണ്ടതും കുടുംബങ്ങളുടെ വിശുദ്ധീകരണം വഴിയാണ്. ''കുടുംബജീവിതം നയിക്കുന്നവർക്ക് അവരുടെ വീണ്ടെടുപ്പിന് കുടുംബത്തിന്റെ വീണ്ടെടുപ്പല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അതെ, കുടുംബത്തിന്റെ പാതയാണ് സഭയുടെ പാത'' (വി. ജോൺപോൾ രണ്ടാമൻ). ആത്മീയമായും ഭൗതികമായും കുടുംബങ്ങളെ വീണ്ടെടുക്കുന്ന ഒരു വർഷമായി ഈ വർഷം മാറട്ടെയെന്നും അതുവഴി യഥാർത്ഥ സ്നേഹവും ആനന്ദവും ഓരോ കുടുംബങ്ങളിലും നിറയട്ടെയെന്നും പ്രാർത്ഥിക്കുന്നു.

അനുഗ്രഹാശിസുകളോടെ,

**✠ ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി**
(ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

**✠ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

**✠ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. ഫാമിലി കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

## മലങ്കര സുറിയാനി കത്തോലിക്കാ സഭ

2021-ലെ അൽമായ ദിനത്തോടനുബന്ധിച്ച്, അൽമായർക്കുവേണ്ടി യുള്ള സുന്നഹദോസ് കമ്മീഷൻ ചെയർമാൻ

**അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ**

പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, വന്ദ്യ റമ്പാച്ചന്മാരേ, ബഹു. വൈദികരേ, ബഹു. സമർപ്പിതരേ, കർത്താ വിൽ പ്രിയ സഹോദരി സഹോദരന്മാരേ,

മലങ്കര സുറിയാനി കത്തോലിക്കാ സഭ ഈ വർഷം അല്മായ ദിനം ആചരിക്കുന്നത് മെയ് 2-ഞായറാഴ്ചയാണ്. അല്മായരുടെ വിളിയും ദൗത്യവും സവിശേഷമായി അനുസ്മരിക്കുന്ന ഈ ദിനത്തിന്റെ പ്രാർത്ഥനാശംസകൾ എല്ലാ അല്മായ സഹോദരങ്ങൾക്കും സമൃദ്ധ മായി നേരുന്നു!

അല്മായർ എന്ന സംജ്ഞകൊണ്ട് മനസ്സിലാക്കേണ്ടത്, തിരുപ്പട്ടമോ സഭയിൽ അംഗീകൃതമായ സന്യാസമോ സ്വീകരിക്കാത്ത വരായ ക്രിസ്തീയ വിശ്വാസികൾ എന്നാണ്. മാമ്മോദീസാവഴി മിശി ഹായോട് ഏകശരീരമായിത്തീർന്ന്, തിരുസഭയിൽ അംഗമായി മിശി ഹായുടെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യങ്ങളിൽ പങ്കുകാ രാക്കപ്പെട്ട, സഭയിലും ലോകമെമ്പാടുമുള്ള ക്രിസ്തീയജനതയുടെ മുഴു വനും ദൗത്യത്തിന്റെ സ്വകീയമായ ഭാഗം നിറവേറ്റുന്നവരാണ് അൽമായ വിശ്വാസികൾ. പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആല യങ്ങളും വിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരും ലോകത്തിൽ വിശുദ്ധി യുടെ ജീവിത മാതൃകകളുമാണ് അൽമായർ.

ലോകത്തിലുള്ള അൽമായരുടെ ജീവിതവും ദൗത്യവും സവിശേഷമായി വിലയിരുത്തേണ്ടതാണ്. തിരുപ്പട്ടം ലഭിച്ചവർ ചിലപ്പോഴൊക്കെ ലൗകികകാര്യങ്ങളിൽ വ്യാപരിക്കാറുണ്ട്. അവർക്ക് ലൗകികജീവിത വൃത്തി ഉണ്ടായെന്നുംവരാം. എങ്കിലും തങ്ങളുടെ പ്രത്യേക ദൈവവിളികൊണ്ട് അവർ പ്രധാനമായും വിശുദ്ധ ശുശ്രൂഷയ്ക്കു നിയോഗിക്കപ്പെട്ടിരിക്കുന്നു. സന്യാസികളാകട്ടെ, ലോകത്തെ രൂപഭേദം വരുത്തുന്നതിനും ദൈവത്തിനു സമർപ്പിക്കുന്നതിനും തങ്ങളുടെ ജീവിതാന്തസ്സുവഴി വ്യക്തവും അനിതരസാധാരണവുമായ സാക്ഷ്യം നല്കുന്നു.

അൽമായർ തങ്ങൾക്ക് ലഭിച്ചിരിക്കുന്ന ദൈവവിളിയിൽ ഉറച്ചു നിന്നുകൊണ്ട് ഭൗതികവസ്തുക്കൾ കൈകാര്യം ചെയ്തുകൊണ്ടും ദൈവഹിതമനുസരിച്ച് ക്രമവത്ക്കരിച്ചുകൊണ്ടും ദൈവരാജ്യം അന്വേഷിക്കേണ്ടവരാണ്. ലൗകികമായ വിവിധ ജോലികളിലും കർത്തവ്യത്തിലും സാധാരണ കുടുംബജീവിതത്തിലും സാമൂഹിക പരിതോവസ്ഥകളിലും അവർ ജീവിക്കുന്നു. അവരുടെ നിലനില്പുതന്നെ അവയോടു ബന്ധിതമായിരിക്കുന്നു എന്നവിധം അവിടെ സുവിശേഷ ചൈതന്യത്താൽ നയിക്കപ്പെട്ട്, ലോകവിശുദ്ധീകരണത്തിനായി പുളിമാവുപോലെ പ്രവർത്തിച്ച് തങ്ങളുടെ കടമ നിർവഹിച്ചു ജീവിക്കാൻ അവർ ദൈവത്താൽ വിളിക്കപ്പെട്ടിരിക്കുന്നു.

ലോകത്തെ ഉള്ളിൽ നിന്നു നിയന്ത്രിക്കുന്നവരെപ്പോലെ, പ്രധാനമായും വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ ജ്വലിക്കുന്ന ജീവിതസാക്ഷ്യം വഴി മിശിഹായെ മറ്റുള്ളവർക്ക് അവർ വെളിപ്പെടുത്തേണ്ടിയിരിക്കുന്നു. തങ്ങൾ സഗാഢം ബന്ധപ്പെട്ടിരിക്കുന്ന ഭൗതികവസ്തുക്കൾ മിശിഹായ്ക്കു യോജിച്ചവിധം നിരന്തരം രൂപവത്ക്കരിച്ച് അവ വളർത്തുന്നതിനും അങ്ങനെ മിശിഹായും രക്ഷകനുമായവന്റെ മഹത്വത്തിനായി അവ പ്രകാശിപ്പിക്കുന്നതിനും വേണ്ടിയാണിത്.

പുരോഹിതൻ, രാജാവ്, പ്രവാചകൻ എന്നീ നിലകളിലുള്ള ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിൽ അൽമായ വിശ്വാസികളുടെ പങ്കാളിത്തത്തിന്റെ ഉറവിടം ജ്ഞാനസ്നാനാഭിഷേകമാണ്. സ്ഥൈര്യലേപനത്തിൽ അതു വളർച്ചപ്രാപിക്കുകയും വിശുദ്ധ കുർബാനയിൽ അതു സാക്ഷാത്ക്കരിക്കപ്പെടുകയും ശക്തിയുടെ പോഷണമാവുകയും ചെയ്യുന്നു. കർത്താവിന്റെ ഏക ശരീരത്തിനു രൂപം നല്കുന്ന അനവധി അവയവങ്ങളിൽ ഒന്ന് എന്ന തോതിൽ ഓരോ അൽമായ വിശ്വാസിക്കും വ്യക്തിപരമായി നൽകപ്പെടുന്ന പങ്കാളിത്തമാണിത്.

തന്റെ ശരീരവും മണവാട്ടിയുമായ സഭയിൽ യേശു തന്റെ ദാനങ്ങൾ നിരന്തരം വർഷിക്കുന്നു. ഇപ്രകാരം സഭാംഗങ്ങൾ ആയിരിക്കുകവഴി വ്യക്തികൾ ക്രിസ്തുവിന്റെ ത്രിവിധ ദൗത്യങ്ങളിൽ പങ്കാളികളാണ്. ജ്ഞാനസ്നാനം സ്വീകരിച്ചവരെ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പൗരോഹിത്യവും വിശുദ്ധജനവും ദൈവത്തിന്റെ സ്വന്തജനവുമായി (1 പത്രോ. 2:9) നിർവചിക്കുമ്പോൾ വി. പത്രോസ് ശ്ലീഹ വ്യക്തമായി പഠിപ്പിക്കുന്നത് ഇതാണ്.

സഭാകൂട്ടായ്മയിൽനിന്ന് ആവിർഭവിക്കുന്നതാണ് ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിലുള്ള അൽമായ വിശ്വാസികളുടെ പങ്കാളിത്തം. അതുകൊണ്ട് ഇത്, കൂട്ടായ്മയിലൂടെ തന്നെ ജീവിക്കുകയും സാക്ഷാത്ക്കരിക്കുകയും കൂട്ടയ്മയുടെ വളർച്ചയ്ക്ക് സഹായകമാകുകയും വേണം.

അൽമായ വിശ്വാസികൾ ക്രിസ്തുവിന്റെ പൗരോഹിത്യദൗത്യത്തിൽ പങ്കാളികളാണ്. യേശു തന്റെ പൗരോഹിത്യ ദൗത്യം നിർവഹിച്ചത് ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കും വേണ്ടി തന്നെത്തന്നെ കുരിശിൽ ബലിയർപ്പിച്ചുകൊണ്ടും വി. കുർബാന വഴി തുടർന്നും അർപ്പിച്ചുകൊണ്ടുമാണ്. യേശുക്രിസ്തുവിനോട് കൂട്ടിച്ചേർക്കപ്പെട്ടുകൊണ്ട്, തങ്ങളെയും തങ്ങളുടെ അനുദിന പ്രവർത്തനങ്ങളെയും കാഴ്ച

വയ്ക്കുക വഴി ജ്ഞാനസ്നാനം സ്വീകരിച്ചവർ ക്രിസ്തുവിനോടും അവിടുത്തെ ബലിയോടും ഐക്യപ്പെടുന്നു.

തന്റെ ജീവിതസാക്ഷ്യത്താലും വചനത്തിന്റെ ശക്തിയാലും പിതാവിന്റെ രാജ്യം പ്രഘോഷിച്ച ക്രിസ്തുവിന്റെ പ്രവാചകദൗത്യത്തിൽ അല്മായർ പങ്കുചേരുന്നു. അങ്ങനെ വിശ്വാസത്തോടെ സുവിശേഷം സ്വീകരിക്കാനും സധൈര്യം തിന്മയെ തിരിച്ചറിഞ്ഞ്, ഉപേക്ഷിച്ചുകൊണ്ട് സുവിശേഷത്തെ വാക്കിലും പ്രവൃത്തിയിലും പ്രഖ്യാപിക്കാനും അല്മായർക്കു കഴിവും കടമയും കൈവരുന്നു. ക്രിസ്തുവിനോട് ഐക്യപ്പെട്ടും പരിശുദ്ധാത്മാവിൽ സാക്ഷികളായും അല്മായവിശ്വാസികൾ നിലകൊള്ളുന്നു. അപ്രകാരം വിശ്വാസകാര്യങ്ങളിൽ തെറ്റുപറ്റാത്ത സഭയുടെ പ്രകൃത്യാതീതമായ വിശ്വാസത്തിന്റെ വിലമതിക്കലിലും വചനത്തിന്റെ കൃപാവരത്തിലും അവർ പങ്കുകാരാകുകയും ചെയ്യുന്നു (cf. അപ്പ. 2:17-18; വെളി. 19: 10). അനുദിനം തങ്ങളുടെ കുടുംബത്തിലും സാമൂഹിക ജീവിതത്തിലും സുവിശേഷത്തിന്റെ ശക്തിയും പുതുമയും പ്രകാശിപ്പിക്കുവാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു.

സൃഷ്ടിയെ അതിന്റെ ആദിമ മൂല്യത്തിലേക്ക് പുനരുദ്ധരിക്കാൻ അല്മായ വിശ്വാസികൾ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു. കൃപാവര ജീവിതത്താൽ നയിക്കപ്പെടുന്ന പ്രവർത്തനത്തിലൂടെ യഥാർത്ഥ മനുഷ്യക്ഷേമത്തിനായുള്ള സൃഷ്ടിയുടെ ക്രമപ്പെടുത്തലിലൂടെയാണ് അവർ ഉത്ഥിതനായ ക്രിസ്തുവിന്റെ ദൗത്യ ശുശ്രൂഷയിൽ പങ്കുചേരുന്നത്. ക്രിസ്തു സമസ്തവും തന്നിലേക്ക് ആകർഷിക്കുകയും ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിന് അവയെ തന്നോടൊപ്പം പിതാവിന് അധീനമാക്കുകയും ചെയ്യുന്നു (cf.1 കോറി, 15:28; യോഹ. 12:32). ഓരോ അല്മായ വിശ്വാസിക്കും പിതാവ് യേശുക്രിസ്തുവിൽ പരിശുദ്ധാത്മാവുവഴി നല്കുന്ന അടിസ്ഥാന വിളിയെപ്പറ്റി ആലോചിക്കുമ്പോൾ മാഹാത്മ്യത്തിന്റെ പരിപൂർണ്ണമായ അർത്ഥം ഗ്രഹിക്കാനാവും. ഈ

വിളി വിശുദ്ധിയിലേക്കുള്ള വിളിയാണ്. ഉപവിയുടെ പരിപൂർണതയിലേക്ക് ക്രിസ്തുശിഷ്യന് നല്കപ്പെടുന്ന മഹനീയതയുടെ ഏറ്റവും മഹത്തായ സാക്ഷ്യമാണ് വിശുദ്ധി.

വിശുദ്ധിയിലേക്കുള്ള വിളി വേരൂന്നിയിരിക്കുന്നത് മാമ്മോദീസായിലും അതു നവീകരിക്കപ്പെടുന്നത് ഇതരകൂദാശകളിലും പ്രത്യേകിച്ച് ദിവ്യകാരുണ്യത്തിലുമാണ്. ക്രൈസ്തവർ ക്രിസ്തുവിനെ ധരിക്കുന്നതിനാലും അവിടുത്തെ ആത്മാവാൽ പരിപോഷിപ്പിക്കപ്പെടുന്നതിനാലും വിശുദ്ധരാണ്. ഈ വിശുദ്ധി പ്രകടമാക്കാനുള്ള കഴിവും തങ്ങളുടെ പ്രവൃത്തികളിൽ അതിനു സാക്ഷ്യം വഹിക്കാനുള്ള ചുമതലയും അവർക്കുണ്ട്. വിശുദ്ധ പൗലോസ് അപ്പസ്തോലൻ വിശുദ്ധർക്കു യോഗ്യമായ രീതിയിൽ വർത്തിക്കണമെന്ന് (എഫേ. 5:3) എല്ലാ ക്രൈസ്തവരോടും നിരന്തരം അനുശാസിച്ചുകൊണ്ടിരുന്നു. വിശുദ്ധിയിലേക്കുള്ള വിളി ലോകത്തിലും സഭയിലും അല്മായവിശ്വാസികളെ ഭരമേല്പിച്ചിരിക്കുന്ന ചുമതലയോടും ദൗത്യത്തോടും സഗാഢം ബന്ധപ്പെട്ടതാണ്.

കോവിഡ് 19 മഹാമാരി വലിയ ആഘാതം സൃഷ്ടിച്ചിരിക്കുന്ന അതീവ ഗുരുതരവും സങ്കീർണ്ണവുമായ സ്ഥിതിവിശേഷത്തെയാണ് ലോകം നേരിടുന്നത്. ഈ സാഹചര്യത്തെ ഒറ്റക്കെട്ടായി നേരിടുകയും പ്രതിരോധിക്കുകയും അതിജീവിക്കുകയും ചെയ്യുമ്പോഴും ഈ അവസ്ഥയിലേക്ക് മനുഷ്യകുലത്തെ കൊണ്ടുചെന്ന് എത്തിച്ച ക്രമഭംഗങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ ആകുന്നില്ല.

ഉപഭോഗ സംസ്ക്കാരത്തിൽ കമ്പോളവത്ക്കരണം സർവ്വത്രികമാകുമ്പോഴും ധാർമ്മിക മൂല്യങ്ങൾ തമസ്ക്കരിക്കപ്പെടുകയും ആഡംബരവും ധൂർത്തും പ്രകടനപരതയും സാമാന്യവത്ക്കരിക്കപ്പെടുകയും ചെയ്യുമ്പോൾ ദൈവിഹിതപ്രകാരമുള്ള ജീവിതക്രമത്തിന് ഗുരുതരമായ ആഘാതങ്ങൾ സംഭവിക്കുന്നു. പ്രപഞ്ചത്തിന്റെ താളക്രമം

അപകടത്തിലാവുകയും പരിസ്ഥിതി പാഠങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യുന്നു. അനാവശ്യമായ ജീവിതവ്യഗ്രതകൾക്കു വിരാമമിടാനുള്ളതും മനുഷ്യന്റെ കഴിവുകൾ കേവലം ക്ഷണികവും പരിമിതവുമാണെന്ന് പഠിപ്പിക്കുന്നതുമായ ഒരു അടയാളമാണ് ഈ വൈറസ് ബാധ. മാന സാന്തരത്തിലൂടെ മനുഷ്യ ജീവിതത്തിന്റെ പരസ്പര പൂരകങ്ങളായ സാഹോദര്യത്വത്തിന്റെയും സഹവർത്തിത്വത്തിന്റെയും മനോഹരവും സ്വഭാവികവുമായ തലങ്ങളിലേക്കുള്ള തിരിച്ചുപോകൽ ആർജ്ജിക്കു വാൻ ഇപ്പോഴത്തെ സംഭവവികാസങ്ങൾ നമ്മെ നിർബന്ധിക്കുന്നു. മനുഷ്യ ജീവിതത്തിന്റെ വിവിധ തലങ്ങളിൽ സംഭവിച്ചിരിക്കുന്ന അപ ചയങ്ങൾ പരിഹരിക്കാൻ ഓരോ വ്യക്തിക്കും തനതായ ഉത്തരവാദി ത്വങ്ങൾ ഉണ്ട്. മറ്റ് ആരെയെങ്കിലും വിധിക്കാനോ കുറ്റപ്പെടുത്താനോ തുനിയാതെ ഓരോ വ്യക്തിയും സ്രഷ്ടാവിന്റെ ഹിതം അനുവർത്തി ക്കാൻ തയ്യാറാകുമ്പോൾ പൊതുവായ സുസ്ഥിതി കൈവരും. ദൈവ ഹിതം അനുവർത്തിക്കാനും സാക്ഷാത്ക്കരിക്കാനും മനുഷ്യൻ സന്ന ദ്ധനാകുമ്പോൾ പ്രപഞ്ചഘടനയിലെ സന്തുലിതാവസ്ഥ പുനഃസൃഷ്ടി ക്കുന്നതിനും സാധിക്കും. കോവിഡ് മഹാമാരിയുടെ സാമൂഹ്യ നിയ ന്ത്രണങ്ങൾക്കിടയിലും വിശ്വാസ ജീവിതം തളരാതെ മുന്നോട്ടു നയിച്ച, ഗാർഹിക സഭയിലൂടെ ആധ്യാത്മികതയുടെ ആന്തരികത ഉജ്വലിപ്പിച്ച നിങ്ങളോരോരുത്തരെയും ഞാൻ അഭിനന്ദിക്കുന്നു.

അല്മായദിനം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ അല്മായരുടെ പൊതു ആഘോഷമാണ്. എം.സി.എ, മാതൃസംഘം, പിതൃസംഘം, വിൻസെന്റ് ഡി. പോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി തുടങ്ങിയ എല്ലാ അല്മായ സംഘടനകളും ഒരുമിച്ച് ഈ ദിനം സമുചിതമായി ആഘോഷിക്കുമല്ലോ. സഭയുടെ വളർച്ചയ്ക്കും സമൂ ഹത്തിന്റെ വികസനത്തിനും കെട്ടുറപ്പിനുംവേണ്ടി അല്മായ പ്രസ്ഥാന ങ്ങൾ നൽകുന്ന നേതൃത്വവും സഹകരണവും ഞാൻ നന്ദിയോടെ ഇത്ത

രുണത്തിൽ സ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. സുവിശേഷസംഘത്തിലൂടെ അല്മായ സഹോദരീ സഹോദരന്മാർ നല്കുന്ന സാക്ഷ്യജീവിതവും ആത്മസമർപ്പണവും ഞാൻ നന്ദിയോടെ ഓർക്കുന്നു. ബാഹ്യകേരള പശ്ചാത്തലത്തിൽ ഭവനങ്ങൾ കേന്ദ്രീകരിച്ചുള്ള മിഷൻ പ്രവർത്തനശുശ്രൂഷയിൽ അല്മായ സഹോദരങ്ങൾ കാണിക്കുന്ന പ്രതിബന്ധത നിസ്തുലമാണ്. പ്രവാസജീവിതത്തിന്റെ പരിമിതിയും ബുദ്ധിമുട്ടുകളും വകവയ്ക്കാതെ പ്രേഷിത തീഷ്ണതയാൽ നിറയുന്ന അല്മായ സഹോദരങ്ങൾ തിരുസഭയുടെ ശോഭയേറിയ സാക്ഷ്യമുഖമാണ്. ക്ലേശമേറിയ പ്രവാസ ജീവിതത്തിലും അധ്വാനത്തിന്റെ വലിയ ഒരു ഓഹരി തിരുസഭയുടെ കാരുണ്യ പ്രവർത്തനങ്ങൾക്കായി നീക്കിവെയ്ക്കുന്ന സഹോദരങ്ങളെ ഞാൻ കടപ്പാടോടെ ഓർക്കുന്നു.

രജതജൂബിലി വർഷത്തിലായിരിക്കുന്ന എം.സി.എ പ്രസ്ഥാനത്തിന്റെ വൈവിധ്യമാർന്ന കർമ്മമണ്ഡലങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ഭാഗ്യസ്മരണാർഹരായ പിതാക്കന്മാരെയും, വാങ്ങിപ്പോയ വൈദികരെയും, പരേതരായ അൽമായ സഹോദരങ്ങളെയും നന്ദിയോടെ ഓർക്കുന്നു. പ്രതിബദ്ധതയോടെ സഭാശുശ്രൂഷയിൽ മുമ്പോട്ടുപോകുവാൻ എം.സി.എ അംഗങ്ങൾക്ക് സാധിക്കട്ടെ!

അല്മായദിനത്തിലെ വിശുദ്ധ കുർബാനയുടെ സ്തോത്രകാഴ്ച നമ്മുടെ സഭയിലെ അല്മായ ശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ നാം വിനിയോഗിക്കുന്നത്. അന്നേ ദിവസം ഉദാരമായി സ്തോത്രകാഴ്ച നൽകി അനുഗ്രഹീതരാകുവാൻ ഏവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു. നമ്മുടെ സഭയുടെ പ്രത്യേക കാനോന 601 പ്രകാരം പ്രസ്തുത സ്തോത്രകാഴ്ച സമാഹരിച്ച് ബഹു. വികാരിയച്ചന്മാർ അതത് അതിഭദ്രാസന, ഭദ്രാസന പ്രൊക്കുറേറ്റർമാരുടെ പേർക്ക് അയച്ചുകൊടുക്കേണ്ടതും പ്രൊക്കുറേറ്റർമാർ പ്രസ്തുത തുകയുടെ പകുതി ഭദ്രാസനതല

അൽമായ ശുശ്രൂഷകൾക്ക് വിനിയോഗിക്കേണ്ടതും, മറ്റേ പകുതി കാതോലിക്കേറ്റ് സെന്ററിൽ സഭയുടെ ഫിനാൻസ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അല്മായ പ്രസ്ഥാനങ്ങളുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവ് നമുക്ക് തുണയും മദ്ധ്യസ്ഥനുമായിരിക്കട്ടെ. വി. യൗസേപ്പ് പിതാവിന്റെ വർഷാചരണവും കുടുംബ വർഷാചരണവും അർത്ഥവത്തായും, ഫലപ്രദമായും നമുക്ക് ആചരിക്കാം. കുടുംബങ്ങളുടെ നവീകരണവും വിശുദ്ധിയും നമുക്ക് നേടിയെടുക്കാം.

ഉത്ഥിതനായ കർത്താവ് എല്ലാ അല്മായ ശുശ്രൂഷകളെയും വാഴ്ത്തി അനുഗ്രഹിക്കട്ടെ.

എന്ന്

Mar Ignatios

✠ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്താ
അൽമായർക്കുവേണ്ടിയുള്ള
സുന്നഹദോസ് കമ്മീഷൻ ചെയർമാൻ &
മാവേലിക്കര ഭദ്രാസനാദ്ധ്യക്ഷൻ

കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം
അല്മായദിനം 2021

---

N.B. ഈ സർക്കുലർ അല്മായ ദിനമായ മെയ് 2-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.

# THE SYRO-MALANKARA CATHOLIC CHURCH
## EPARCHY OF PATHANAMTHITTA

**Most Rev.Samuel Mar Irenios**
Bishop Of Pathanamthitta

**Catholic Bishop's House**
Pathanamthitta- 689 645
Ph : 04682-223100, 2223200

## സർക്കുലർ

### കോവിഡ് മഹാമാരിക്കെതിരെ പ്രാർത്ഥനായജ്ഞം

**ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,**

കോവിഡ്-19ന്റെ അതിശീഘ്രവ്യാപനം ഭയാനകമായി തുടരുകയാണല്ലോ. അതിനെ തടഞ്ഞുനിർത്താനുള്ള മാനുഷിക പരിശ്രമങ്ങളൊന്നു കാര്യമായ ഫലം കാണുന്നില്ല. വ്യാപനം തടയുന്നതിനും ഈ മഹാമാരിയെ അതിജീവിക്കുന്നതിനും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ തേടുന്നതിനോടൊപ്പം ആത്മീയമായ പരിഹാരം കണ്ടെത്തുന്നതിനും നാം ശ്രദ്ധിക്കണം. നമ്മുടെ ജീവിതത്തിന്റെ മുൻഗണനകൾ ദൈവഹിതപ്രകാരം ചിട്ടപ്പെടുത്തേണ്ടതുണ്ട്. ദൈവത്തെയും സഹജീവികളെയും മറന്ന് സ്വാർത്ഥതയിൽ മാത്രം ഊന്നിയുള്ള സമീപനങ്ങളിൽ തിരുത്തൽ അനിവാര്യമാണ്. മനുഷ്യന്റെ മാനസാന്തരം സ്വർഗ്ഗം ആഗ്രഹിക്കുന്നു. കോവിഡ് മഹാമാരി ഒരു വർഷം പിന്നിട്ട് കഴിഞ്ഞപ്പോഴും നമ്മളിൽ കാര്യമായ മാറ്റങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ആയിരങ്ങൾ ശ്വാസംമുട്ടി മരിക്കുമ്പോഴും നമുക്ക് നിസംഗതയാണ്. ഈ നിസംഗതയിൽ സ്വർഗ്ഗം നൊമ്പരപ്പെടുന്നു.

ഈ സന്ദർഭത്തിൽ നമുക്ക് സവിശേഷമായ ദൗത്യം ഉണ്ട്. നാം വിശുദ്ധീകരിക്കപ്പെടണം. ഈ കാലഘട്ടത്തിന്റെ നൊമ്പരങ്ങൾ ഏറ്റുവാങ്ങണം. ഏകരക്ഷകനായ യേശുക്രിസ്തുവിൽ അഭയം തേടണം. ഈ കാലഘട്ടത്തിന്റെ പാപങ്ങൾക്ക് പരിഹാരം അനുഷ്ഠിക്കണം. എല്ലാ

ആത്മീയ ആയുധങ്ങളും ഉപയോഗിച്ച് ഈ മഹാമാരിയെ തടഞ്ഞ് നിർത്തണം.

ഈ പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഈ മെയ് മാസം ജപമാല യജ്ഞത്തിനുള്ള അവസരമാകണമെന്ന് നിർദ്ദേശിക്കുന്നത്. പരിശുദ്ധ അമ്മയോട് ചേർന്നിരുന്ന് രക്ഷണീയ രഹസ്യങ്ങൾ ധ്യാനിച്ച് ഈ പ്രതിസന്ധിഘട്ടത്തെ അതിജീവിയ്ക്കാനാകുമെന്ന് പരിശുദ്ധ പിതാവ് വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ ആഹ്വാനം സ്വീകരിച്ച് ജപമാല യജ്ഞത്തിൽ പങ്കുകാരായി ഈ പോരാട്ടത്തിൽ നമുക്കും അണിചേരാം.

ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തികളായും, കുടുംബമായും, ഇടവകയായും ഏറ്റെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

1. നമ്മുടെ എല്ലാ കുടുംബങ്ങളിലും മെയ് 1 മുതൽ 31 വരെ സന്ധ്യാ പ്രാർത്ഥനയോട് ചേർന്ന് ജപമാല പ്രാർത്ഥന ചൊല്ലണം.
2. നമ്മുടെ 100 ഇടവകകളിലും നിശ്ചയിക്കപ്പെട്ട ദിവസം ഒരു മുഴുവൻ ജപമാലയെങ്കിലും (സന്തോഷത്തിന്റെയും, പ്രകാശത്തിന്റെയും, ദുഃഖത്തിന്റെയും, മഹത്വത്തിന്റെയും രഹസ്യങ്ങൾ) ചൊല്ലി ഇടവകയായി ഈ യജ്ഞത്തിൽ ഭാഗഭാക്കാകണം. ബഹുമാനപ്പെട്ട ജില്ലാ വികാരിയച്ചന്മാർ ദിവസം നിശ്ചയിച്ച് അറിയിക്കുന്നതാണ്. ഈ ജപമാല യജ്ഞം മെയ് മാസം 1-ാം തീയതി പത്തനംതിട്ട അരമനയിൽ ആരംഭിക്കും.
3. മെയ് 23-ാം തീയതി പെന്തക്കോസ്തി ഞായറാഴ്ച മുതൽ മെയ് 31-ാം തീയതി തിങ്കളാഴ്ച വരെയുള്ള ദിവസങ്ങളിൽ ഓരോ ഇടവകയിലും സാഹചര്യമനുസരിച്ച് പ്രത്യേക ആചരണശുശ്രൂഷകൾ ക്രമീകരിക്കണം.
4. പെന്തക്കോസ്തിയ്ക്കുള്ള ഒരുക്കമായി, പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട മെയ് 13-ാം തീയതി മുതൽ 23-ാം തീയതി വരെ (പെന്തക്കോസ്തി ദിനം) പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുള്ള പ്രത്യേക പ്രാർത്ഥനകൾ ചൊല്ലേണ്ടതാണ്.

5. മെയ് 13-ാം തീയതി മുഴുവനും പത്തനംതിട്ട സങ്കേതഭവൻ ആശ്രമത്തിൽ വച്ച് അഖണ്ഡ ജപമാല ക്രമീകരിച്ചിരിക്കുകയാണ്. രാവിലെ 6.30 ന് ആരംഭിക്കുന്ന വിശുദ്ധ കുർബാനയെ തുടർന്ന് വൈകിട്ട് 6 മണിവരെ അഖണ്ഡ ജപമാല ഉണ്ടായിരിക്കും. സന്ധ്യാപ്രാർത്ഥനയോടും വിശുദ്ധ കുർബാനയുടെ ആശീർവാദത്തോടും അന്നത്തെ ശുശ്രൂഷകൾ പൂർത്തിയാകും. ഇവിടെ എത്തിച്ചേരാൻ സാധിക്കാത്തവർ അവർ ആയിരിക്കുന്ന ഇടത്ത് ജപമാല പ്രാർത്ഥന ചൊല്ലി ഈ ശുശ്രൂഷയിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.
6. പെരുനാട്-മാമ്പാറ ദൈവാലയത്തിൽ മെയ് 1 മുതൽ 31 വരെ രാവിലെ 6 മുതൽ എല്ലാദിവസവും 12 മണിക്കൂർ ജപമാല പ്രാർത്ഥന ഉണ്ടായിരിക്കും.
7. മെയ് 31 വരെ എല്ലാ ദിവസവും വൈകിട്ട് 4 മുതൽ 6.30 വരെ പത്തനംതിട്ട സങ്കേതഭവൻ ആശ്രമ ദൈവാലയത്തിൽ വിശുദ്ധ കുർബാനയുടെ ആരാധനയും മധ്യസ്ഥപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്.
8. സി.ബി.സി.ഐ. പ്രാർത്ഥനാദിനമായി പ്രഖ്യാപിച്ചിരിക്കുന്ന മെയ് 7-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പത്തനംതിട്ട ഭദ്രാസനത്തിലെ ഓരോ വിശ്വാസിയും കരുണകൊന്തചൊല്ലി നമ്മുടെ നാടിനുവേണ്ടി ദൈവകരുണയ്ക്കായി പ്രാർത്ഥിക്കണം.

ഈ യജ്ഞത്തിൽ ഓരോ വിശ്വാസിയും സജീവമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ നമ്മുടെ നാടിനെ സംരക്ഷക്കുന്നതിനും ഏകരക്ഷകനായ കർത്താവിന്റെ രക്ഷണീയകർമ്മങ്ങൾക്ക് സാക്ഷികളാകുന്നതിനും സഭയായി നമുക്ക് അണിചേരാം. കാരുണ്യവാനായ ദൈവം നമ്മെയും നമ്മുടെ നാടിനെയും സംരക്ഷിക്കട്ടെ

സ്നേഹപൂർവ്വം,

**ഡോ.സാമുവേൽ മാർ ഐറേനിയോസ്**

പത്തനംതിട്ട മെത്രാപ്പോലീത്താ

# രൂപതാ വാർത്തകൾ

## രൂപതാദിനം 2020 നോടനുബന്ധിച്ച് സാന്തോം ഭവനപദ്ധതിയിലേക്ക് ലഭിച്ച സംഭാവനകൾ

| Sl No. | Name of Parishes | Amount |
|---|---|---|
| 1. | Anjilikunnu | 8,000.00 |
| 2. | Amalagiri | 10,000.00 |
| 3. | Anandappally | 5,000.00 |
| 4. | Angadickal | 15,000.00 |
| 5. | Angamoozhi | 7,500.00 |
| 6. | Aranmula | 5,000.00 |
| 7. | Athirumkal | 15,000.00 |
| 8. | Athumpumkulam | 10,000.00 |
| 9. | Attachackal | 10,000.00 |
| 10. | Attarikam | 10,000.00 |
| 11. | Avolikuzhi | 5,000.00 |
| 12. | Carmala | 20,000.00 |
| 13. | Chandanappally | 15,000.00 |
| 14. | Cheekkanal | 10,000.00 |
| 15. | Chengara | 5,000.00 |
| 16. | Chittar | 15,000.00 |
| 17. | Elanthoor | 50,000.00 |
| 18. | Elappupara | 5,000.00 |
| 19. | Erathumpamon | 10,000.00 |
| 20. | Gurunathanmannu | 7,500.00 |
| 21. | Kadammanitta | 30,000.00 |
| 22. | Kaipattoor | 5,000.00 |

| | | |
|---|---|---|
| 23. | Kalleli | 5,000.00 |
| 24. | Karackadu | 15,000.00 |
| 25. | Karimanthodu | 10,000.00 |
| 26. | Karumpekal | 10,000.00 |
| 27. | Kattoor | 10,000.00 |
| 28. | Keekozhoor | 10,000.00 |
| 29. | Kizhavalloor | 10,000.00 |
| 30. | Kochukulam | 5,000.00 |
| 31. | Kokkathode | 10,000.00 |
| 32. | Konni | 15,000.00 |
| 33. | Konnithazham | 15,000.00 |
| 34. | Koodal | 20,000.00 |
| 35. | Kottamonpara | 3,000.00 |
| 36. | Kulanada | 5,000.00 |
| 37. | Kumbalampoika | 10,000.00 |
| 38. | Kumbazha | 25,000.00 |
| 39. | Kurampala | 5,000.00 |
| 40. | Kurichimuttom | 10,000.00 |
| 41. | Laha | 5,000.00 |
| 42. | Lakkoor | 15,000.00 |
| 43. | Maniyar | 10,000.00 |
| 44. | Mannarakulanji | 15,000.00 |
| 45. | Manneera | 10,000.00 |
| 46. | Marygiri | 10,000.00 |
| 47. | Mekozhoor | 25,000.00 |

| | | |
|---|---|---|
| 48. | Mezhuveli East | 3,500.00 |
| 49. | Mezhuveli West | 10,000.00 |
| 50. | Moolakayam | 5,000.00 |
| 51. | Mulanthara | 5,000.00 |
| 52. | Murinjakal | 20,000.00 |
| 53. | Muthupezhumkal | 5,000.00 |
| 54. | Muttathukonam | 5,000.00 |
| 55. | Mylapra | 50,000.00 |
| 56. | Naranganam | 15,000.00 |
| 57. | Nedumankavu | 15,000.00 |
| 58. | Omalloor | 10,000.00 |
| 59. | Oonnukal | 15,000.00 |
| 60. | Oottupara | 10,000.00 |
| 61. | Pampavali | 5,000.00 |
| 62. | Pampiny | 5,000.00 |
| 63. | Pampumala | 10,000.00 |
| 64. | Pandalam | 10,000.00 |
| 65. | Paranthal | 5,000.00 |
| 66. | Pathanamthitta | 25,000.00 |
| 67. | Perunad (Mampara) | 25,000.00 |
| 68. | Pongaladi | 7,500.00 |
| 69. | Poonampu | 5,000.00 |
| 70. | Poomkavu | 10,000.00 |
| 71. | Prakkanam | 10,000.00 |
| 72. | Pulinthitta | 7,000.00 |

| | | |
|---|---|---|
| 73. | Puthenpeedika | 15,000.00 |
| 74. | Puthukulam | 10,000.00 |
| 75. | Puthusserimala | 5,000.00 |
| 76. | Ramanchira | 5,000.00 |
| 77. | Seethathode | 20,000.00 |
| 78. | Thannithode | 25,000.00 |
| 79. | Thatta | 15,000.00 |
| 80. | Thekkumala | 5,000.00 |
| 81. | Thekkuthode | 10,000.00 |
| 82. | Thonikkadavu | 3,000.00 |
| 83. | Thonniyamala | 10,000.00 |
| 84. | Thottamon | 7,000.00 |
| 85. | Thumpamon | 10,000.00 |
| 86. | Ulanadu | 10,000.00 |
| 87. | Ullannoor | 5,000.00 |
| 88. | Uthimoodu | 10,000.00 |
| 89. | Vadakkupuram | 10,000.00 |
| 90. | Vadasserikkara | 30,000.00 |
| 91. | Vakayar | 50,000.00 |
| 92. | Valanchuzhy | 10,000.00 |
| 93. | Valiyanthi | 15,000.00 |
| 94. | Vayalathala | 10,000.00 |
| 95. | Vayyattupuzha | 10,000.00 |
| 96. | Vazhamuttom | 5,000.00 |
| 97. | V-Kottayam | 10,000.00 |

| | | |
|---|---|---|
| 98. | Mathruvedi (PTA ecc.dist) | 5,000.00 |
| 99. | Seethathode ITI | 20,000.00 |
| 100. | Bethany Convent, Seethathodu | 3,000.00 |
| 101. | St.Peter's centre | 10,000.00 |
| 102. | Sunday School | 10,000.00 |
| 103. | Suvishesha Sagam | 5,000.00 |
| 104. | Shalom Press | 5,000.00 |
| 105. | Mr. Babu George & Family,<br>Kuzhimuriyil, Puthenpeedika | 5,000.00 |
| 106. | MCA, Seethathode Ecc.district | 4,000.00 |
| 107. | MCA, Ranni-Perunad Ecc.District | 5,000.00 |
| 108. | MCA, Konni Ecc.District | 5,000.00 |
| 109. | MCA, Pathanamthitta, Ecc.District | 4,000.00 |
| 110. | Mathruvedi | 10,000.00 |
| 111. | Mount Bethany Ashram, Mylapra | 10,000.00 |
| 112. | Snehagiri Missionary Sisters,<br>Karunya Bhavan, Lakkor<br>& St. Alphonsa Prathyasa Bhavan | 10,000.00 |
| 113. | St. Mary's EMLPS, Omalloor | 10,000.00 |
| 114. | Francis Memorial Ashwasa Bhavan,<br>Cheekanal | 10,000.00 |
| 115. | Mathruvedi Konni Ecc.District | 5,000.00 |
| 116. | Gethsamen Sisters | 5,000.00 |
| 117. | SHHSS, Mylapra | 12,500.00 |

| | | |
|---|---|---|
| 118. | Rev. Fr. Thomas Plavilayil | 10,000.00 |
| 119. | Rev Fr. Mathew Alummoottil | 10,000.00 |
| 120. | Rev. Fr. John Kampara | 10,000.00 |
| 121. | Rev Fr. John Chakuledathu | 8,000.00 |
| 122. | Mrs. Mariamma George, SHITE, Mylapra | 4,500.00 |
| 123. | Arya Bharathi High School, Omalloor | 7,500.00 |
| 124. | Sacred Heart High School, Mylapra | 20,000.00 |
| 125. | SAVHS, Angamoozhi | 6,000.00 |
| 126. | Madona International Residential School, Puthenpeedika | 25,000.00 |
| 127. | UPS, Kottamonpara | 5,000.00 |
| 128. | St. Thomas UPS, Vakayar | 3,000.00 |
| 129. | MSCLPS, Ullannoor | 1,500.00 |
| 130. | MSCLPS, Pongalady | 3,500.00 |
| 131. | MSCLPS, Vettoor | 3,000.00 |
| 132. | MSCLPS, Puthenpeedika | 2,000.00 |
| 133. | MSCLP, Pathanamthitta | 3,200.00 |
| 134. | MSCLP, Valiyanthi | 3,000.00 |
| 135. | MSCLP, Mannarakulanji | 3,000.00 |
| 136. | MSCLP, Nannuvakadu | 3,000.00 |
| 137. | St. John's MSCLP, Ullannoor | 3,000.00 |
| 138. | MSCLP, Konnithazham | 3,000.00 |
| 139. | MSCLP, Thumpamon | 2,500.00 |

| | | |
|---|---|---|
| 140. | St. Benedict's H.S, Thannithode-Seema Mathews | 2,500.00 |
| 141. | St. Benedict's H.S, Thannithodu -Soja Mathew | 1,000.00 |
| 142. | St. Benedict's H.S, Thannithodu -M.M.Thomas | 2,500.00 |
| 143. | St. Benedict's H.S, Thannithodu -Geethakrishna.M | 500.00 |
| 144. | St. Benedict's H.S, Thannithodu -Aniyankunju M.T | 1,000.00 |
| 145. | St. Benedict's H.S, Thannithodu | |
| 146. | St. Benedict's H.S, Thannithodu -John Mathew | 500.00 |
| 147. | St. Benedict's H.S, Thannithodu -Fibby Augustine | 500.00 |
| 148. | St. Benedict's H.S, Thannithodu | |
| 149. | St. Benedict's H.S, Thannithodu -Elizabeth M | 500.00 |
| 150. | St. Benedict's H.S, Thannithodu - Anitha John | 500.00 |
| 151 | St. Benedict's H.S, Thannithodu -Lini Samuel | 500.00 |
| 152. | St. Benedict's H.S, Thannithodu -Usha D | 500.00 |

| | | |
|---|---|---|
| 153. | St. Benedict's H.S, Thannithodu<br>-Bincy Jacob | 500.00 |
| 154. | St. Benedict's H.S, Thannithodu<br>-Biju Mathew | 1,000.00 |
| 155. | St. Benedict's H.S, Thannithodu<br>-Sr.Thresiamma V.T & Sr.Minimol | 1,000.00 |
| 156. | St. Benedict's H.S, Thannithodu<br>-Biji Mathew | 500.00 |
| 157. | St. Benedict's H.S, Thannithodu<br>-Solikutty M.A | 500.00 |
| 158. | MSCLPS, Nariyapuram | 2,000.00 |
| 159. | Rev Fr. Joshua Thazhathethil | 1,000.00 |
| 160. | Gethsamen Sisters, Omalloor | 3,000.00 |
| 161. | Bethany Convent, Puthenpeedika | 5,000.00 |
| 162. | Bethany Convent, Mylapra | 5,000.00 |
| 163. | Bethany Convent & Rose dale<br>Residential School, Chandanappally | 7,000.00 |
| 164. | Bethany Convent,Thatta | 3,000.00 |
| 165. | DM Sister, Pathanamthitta | 10,000.00 |
| 166. | Carmel Central School, Payyanamon | 25,000.00 |
| 167. | Mathruvedi, Pandalam | 7,500.00 |
| 168. | MCYM, Pandalam Ecc.District | 5,000.00 |
| 169. | Rev Fr. Robin Thykoottathil | 5,000.00 |
| 170. | Sunday School, Pandalam Ecc.District | 4,000.00 |
| 171. | MCA Pandalam Ecc.District | 5,000.00 |

| | | |
|---|---|---|
| 172. | Bethany Convent Mampara | 2,000.00 |
| 173. | Mr.Saji Kollodikuzhiyil & Family, Vayalathala | 8,000.00 |
| 174. | Mr.Abey Varghese, Matha Constructions, Pathanamthitta | 10,000.00 |
| 175. | Rev Fr. Zacharias Pushpavilasam | 10,000.00 |
| 176. | St.Elizabeth Sneha Bhavan, Pathanamthitta | 10,000.00 |
| 177. | Anugraha Social Service Society | 50,000.00 |
| 178. | Mar Ivanios Central School, Vadasserikara | 25,000.00 |
| 179. | St.Thomas Minor Seminary, Omalloor | 50,000.00 |
| 180. | St.Thomas U.P School, Kakkad | 5,000.00 |
| 181. | All Saints Public School | 1,00,000.00 |
| 182. | St.Basil Capuchin Ashram | 8,000.00 |
| 183. | Mar Chrysostom Arts & Science College | 50,000.00 |
| 184. | Bethany Provincial House, Pathanamthitta | 50,000.00 |
| 185. | Mr. C.O Varghese | 10,000.00 |
| 186. | St.Mary's MCLP | 5,000.00 |
| 187. | Fr.Koshy Chirayathu | 25,000.00 |
| 188. | Well Wisher | 1,00,000.00 |
| | **TOTAL** | **20,83,200.00** |


നവവൈദികർക്ക്
പ്രാർത്ഥനാശംസകൾ


Colours Digital Studio Pezhumpara
8281789740,9349842326


മ്ശംശോനോ പട്ടം സ്വീകരിച്ച ശെമ്മാശ്ശന്മാർക്കും
ഹെവുപ്ദയക്ക മ്സമറോനോ, കോറൂയോ പട്ടങ്ങൾ
സ്വീകരിച്ച ബ്രദേഴ്സിനും പ്രാർത്ഥനാശംസകൾ....

# TRANSFER LIST AND NEW APPOINTMENTS

1. **Very Rev.Dr. Joshy Vazhappillethu**
   Chancellor. Diocese of Pathanamthitta
2. **Rt. Rev. Jose Chamakalayil Cor Episcopo**
   Vicar, Thonniyamala, Attarikom Parishes
3. **Rev. Dr. Joseph Stephen Olickal**
   Vicar, Paranthal Parish and Manager,
   All Saints School, Adoor
4. **Fr. Sleebadas Charivupurayidathil**
   Vicar, Konni Parish
5. **Rev. Fr. Benny Narakathinal**
   Vicar, Ranni Perunad, Lahai, Kochukulam,
   Thonikkadavu Parishes
6. **Rev. Fr. Paul Nilackal Thekkethil**
   Vicar, Mylapra, Marygiri Parishes and Local Manager
   of S. H. School, Mylapra.
7. **Rev. Fr. Geevarghese Palammoottil Thekkethil**
   Vicar, Athirumkal, Murinjakal, Kallelithottam Parishes
8. **Rev. Fr. Robin Thykoottathil**
   Vicar. Kulanada, Kurampala Parishes
9. **Rev. Fr. Sibi Ottakallil**
   Vicar, Nedumoncavu, Angadickal Parishes

10. **Rev. Fr. Varghese Chamakalayil**
    Vicar, Athumpumkulam, Avolikuzhy Parishes
11. **Rev. Fr. Thomas Nedumankuzhiyil**
    Vicar, Kurichimuttom, Aranmula Parishes
12. **Rev. Fr. Alen Chempakamammoottil**
    Vicar, Cheekkanal Parish
13. **Rev. Fr. Mathew Kunnumpurathu**
    Serving in the Diocese of Parasala
14. **Rev. Fr. Chacko Karipon**
    Serving in the Diocese of Parasala
15. **Rev. Fr. Thomas Arapurackal**
    Vice Rector, St. Thomas Minor Seminary, Pathanamthitta and Assit. Vicar Thonniyamala, Attarikom Parishes
16. **Rev. Fr. George Kandathiparampil**
    Serving in the Diocese of Khadki - Pune
17. **Rev. Fr. Justin Thoppil Kizhakkethil**
    Assistant to Rev. Fr. Benny Narakathinal, Ranni Perunad



പത്തനംതിട്ട രൂപതയുടെ
ചാൻസിലറായി നിയമിതനായ
**ജോഷി വാഴപ്പിള്ളേത്ത് അച്ചന്**
**രൂപതയുടെ പ്രാർത്ഥനാശംസകൾ....**

## ദൈവാലയ കൂദാശ കർമ്മങ്ങൾ

### ഊട്ടുപാറ

ഊട്ടുപാറ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശകർമ്മം 2021 മാർച്ച് മാസം 24-ാം തീയതി പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ നടന്നു. രൂപതയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായും മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായും സഹകാർമികരായിരുന്നു.

### പേഴുംങ്കൽ

പുതുക്കിപ്പണിത സെന്റ് സെബാസ്റ്റ്യൻസ് മലങ്കര കത്തോലിക്കാ പള്ളിയുടെ കൂദാശകർമ്മവും കുരിശ്ശടി കൂദാശയും 2021 മാർച്ച് 27-ാം തീയതി അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ കൂദാശ ചെയ്തു.

### ളാക്കൂർ

ളാക്കൂർ സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ദൈവാലയത്തിന്റെ കൂദാശകർമ്മം 2021 ഏപ്രിൽ മാസം 10-ാം തീയതി സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മിസ് കാതോലിക്കാബാവായുടെ മുഖ്യകാർമ്മികത്വത്തിൽ നിർവഹിക്കപ്പെട്ടു. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായും രൂപതയുടെ പ്രഥമ ഇടയൻ അഭിവന്ദ്യ

യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായും മാവേലിക്കര രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്തായും സഹകാർമ്മികരായി സംബന്ധിച്ചു.

## പമ്പുമല

പമ്പുമല സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ഇടവക പണി തീർത്ത ഗ്രോട്ടോയുടെ കൂദാശ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ 2021 ഏപ്രിൽ മാസം 23-ാം തീയതി നിർവഹിച്ചു.

## കല്ലേലി

കല്ലേലി സെന്റ് ജോർജ്ജ് മലങ്കര കത്തോലിക്കാ ഇടവക പുതുക്കിപ്പണിത സെന്റ് മേരീസ് സെമിത്തേരി ചാപ്പലിന്റെ കൂദാശാകർമ്മം 2021 ഏപ്രിൽ 25 ന് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ നിർവഹിച്ചു.

## രൂപതാദിന സന്ദർശനങ്ങൾ



രൂപതാദിനത്തോടനുബന്ധിച്ച് നടന്ന കോന്നി വൈദികജില്ലയുടെ സംഗമം



രൂപതാദിനത്തോടനുബന്ധിച്ച് നടന്ന റാന്നി-പെരുനാട്
വൈദികജില്ലയുടെ സംഗമം



രൂപതാദിനത്തോടനുബന്ധിച്ച് നടന്ന പന്തളം വൈദികജില്ലയുടെ സംഗമം



രൂപതാദിനത്തോടനുബന്ധിച്ച് നടന്ന പത്തനംതിട്ട വൈദികജില്ലയുടെ സംഗമം



രൂപതാദിനത്തോടനുബന്ധിച്ച് നടന്ന സീതത്തോട് വൈദികജില്ലയുടെ സംഗമം



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ
വിജയിച്ച പത്തനംതിട്ട രൂപതാംഗങ്ങൾ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം



പത്തനംതിട്ട മുൻസിപ്പൽ ഇലക്ഷനിൽ വിജയിച്ച കൗൺസിലർമാർ
അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം

## എം. സി. വൈ. എം.

### ആനക്കുഴിയിൽ ഒരു മിഷൻ ദിനം

പത്തനംതിട്ട ഭദ്രാസനത്തിന്റെ മിഷൻ ദൈവാലയമായ പാറശ്ശാല ഭദ്രാസനത്തിലെ ആനക്കുഴി ഇടവക എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി അംഗങ്ങൾ സന്ദർശിച്ചു. ഏറെ സന്തോഷത്തോടെയും ആവേശത്തോടെയുമാണ് ഇടവക മക്കൾ യുവജന പ്രതിനിധികളെ സ്വീകരിച്ചത്. ഭദ്രാസന സമിതിയുടെ ക്രിസ്തുമസ് സമ്മാനമായി 30,000 രൂപ ഇടവക ജനങ്ങളുടെ ഉന്നമനത്തിനും വളർച്ചയ്ക്കുമായി ഇടവക വികാരി ഫാ.ജോർജിന് കൈമാറി. ഒപ്പം, ഇടവകയിലെ മുഴുവൻ കുടുംബങ്ങൾക്കും അരിയും, ക്രിസ്തുമസ് കേക്കും അടങ്ങിയ കിറ്റും നൽകുകയുണ്ടായി. 2020 ന്റെ നഷ്ടങ്ങളും വേദനകളും മറന്നു കൊണ്ട് പ്രത്യാശയോടെ 2021 ലേയ്ക്ക് നടന്നു കയറുവാനുള്ള ആവേശം യുവജനം സഭയ്ക്ക് പകരുവാൻ ഉതകുന്ന തരത്തിൽ 50,000 രൂപ മിഷനുവേണ്ടി കണ്ടെത്തി നൽകുവാൻ ഈ ക്രിസ്തുമസ് കാലത്ത് സാധിച്ചു എന്നതിൽ ഏറെ അഭിമാനിക്കുന്നു. സാന്നിധ്യം കൊണ്ട് ഞങ്ങൾക്ക് ഒപ്പം ആയിരുന്ന എം.സി.വൈ.എം പാറശ്ശാല ഡയറക്ടർ ഫാ. പ്രഭീഷ് ജോർജ്, സഭാതല സമിതിയംഗം ശ്രീ. ശരത്, ചെമ്പൂർ വൈദിക ജില്ലാ പ്രസിഡന്റ് ശ്രീ. അനു, മറ്റ് ഭദ്രാസന-ജില്ലാ ഭാരവാഹികൾ എന്നിവരെ നന്ദിപൂർവം സ്മരിക്കുന്നു.

### ഫ്രത്തല്ലാൻസ 2021: കർമ്മപദ്ധതി പ്രകാശനം

മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ്, പത്തനംതിട്ട രൂപത സമിതിയുടെ 2021 പ്രവർത്തന വർഷത്തെ കർമ്മപദ്ധതി ഉദ്ഘാടനം കോന്നി കാർമ്മല ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാദ്ധ്യക്ഷൻ അഭി.സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ കർമ്മപദ്ധതി പ്രകാശനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ പിതാവ് യുവജന ധ്യാനം നയിച്ചു. മലങ്കര കത്തോലിക്കാ സഭ കുടുംബ പ്രേക്ഷിത കാര്യാലയ

ത്തിന്റെ സിനഡൽ സെക്രട്ടറി ഫാ.കുര്യാക്കോസ് കുത്തിനേത്ത് തീം പഠനം നയിച്ചു. അരുവാപ്പുലം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുമാരി രേഷ്മ മറിയം റോയി, കോന്നി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ.റോജി എബ്രഹാം, ഭദ്രാസന വികാരി ജനറാൾ മോൺ.ഷാജി മാണികുളം, ജില്ലാ വികാരി ഫാ.വർഗീസ് കൈതോൺ, ശ്രീ. റെന്നി രാജ് തേവർതോട്ടത്തിൽ എന്നിവർ വിശിഷ്ടാതിഥികൾ ആയിരുന്നു. ഭദ്രാസന പ്രസിഡന്റ് ശ്രീ.ജിഫിൻ സാം അധ്യക്ഷത വഹിച്ചു. ഭദ്രാസന ഡയറക്ടർ ഫാ.എബ്രഹാം മേപ്പുറത്ത്, ആനിമേറ്റർ സി. തമീം എസ്.ഐ.സി, ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറാർ അജോഷ്.എം.തോമസ്, കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി അജോയി.പി.തോമസ്, ഫാ.മാത്യു പേഴുംമൂട്ടിൽ എന്നിവർ സംസാരിച്ചു.








## ചിത്രരചനാ മത്സരം

**വിഷയം : തിരുകുടുംബത്തിൽ വിശുദ്ധ യൗസേപ്പ് പിതാവ്**

ആഗോള കത്തോലിക്കാ സഭാ ഈ വർഷം പ്രത്യേകമായും വി.യൗസേപ്പ് പിതാവിന്റെ വർഷം ആയി ആഘോഷിക്കുകയാണല്ലോ. എം.സി.വൈ.എം പത്തനംതിട്ട ഭദ്രാസന സമിതി ഈ അവസരത്തിൽ തിരുകുടുംബത്തിൽ വിശുദ്ധ യൗസേപ്പ് പിതാവ് എന്ന ആശയത്തെ മുൻനിർത്തി ചിത്രരചനമത്സരം സംഘടിപ്പിച്ചു.

കെ.സി.വൈ.എം
സംസ്ഥാന സെക്രട്ടറിയായി
തെരഞ്ഞെടുക്കപ്പെട്ട
**അജോയ് പി.തോമസ്**
അഭിനന്ദനങ്ങൾ...





എം.സി.വൈ.എം പത്തനംതിട്ട രൂപതയുടെ നേതൃത്വത്തിൽ ആരംഭിച്ച ടാസ്ക്ക് ഫോഴ്സ്, ഏട്ട് ശവസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്യം നൽകി

## പ്രതിഷേധം

### ജനജീവിതം ദുസ്സഹമാക്കുന്ന നടപടികളിൽ പുനർവിചിന്തനം അനിവാര്യം :

രാജ്യത്ത് പ്രതിദിനം ഉയർന്നു വരുന്ന പെട്രോൾ വില വർദ്ധനവിനെതിരെയും, കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ടും, പി.എസ്.സി ഉദ്യോഗാർത്ഥികളുടെ ആശങ്കകൾ പരിഹരിച്ച് സർക്കാർ ഇടപെടൽ ആവശ്യപ്പെട്ടു കൊണ്ടും എം.സിവൈ.എം പത്തനംതിട്ട ഭദ്രാസന സമിതിയുടെ നേതൃത്വത്തിൽ പ്രതിഷേധ സംഗമം നടത്തപ്പെട്ടു. മലങ്കര കാതലിക് യൂത്ത് മൂവ്മെന്റ് സഭാതല ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ പ്രതിഷേധം ഉദ്ഘാടനം ചെയ്തു. ഭദ്രാസന ജനറൽ സെക്രട്ടറി സുബിൻ തോമസ്, ട്രഷറാർ അജോഷ്.എം.തോമസ്, കെ.സി.വൈ.എം സംസ്ഥാന സെക്രട്ടറി അജോയി.പി.തോമസ്, ഭദ്രാസന സെക്രട്ടറിമാരായ ലിനു.വി.ഡേവിഡ്, ട്രീസാ തോമസ്, ജില്ലാ ഡയറക്ടർ ഫാ.ഫിലിപ്പോസ് ചരുവുപുരയിടത്തിൽ, ജില്ലാ പ്രസിഡന്റ് ജിജോ.സി.വൈ, ഫാ.ഗീവർഗ്ഗീസ് പുതുപ്പറമ്പിൽ, ഫാ.സ്കറിയ പതാലിൽ എന്നിവർ സംസാരിച്ചു.



# വിശ്വാസപരിശീലന കാര്യാലയം

## പരീക്ഷ

നഴ്സറി മുതൽ ഡിഗ്രി വരെ ക്ലാസ്സുകളുടെ രണ്ടാം സെമസ്റ്റർ പരീക്ഷ 09.06.2021 ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് നടത്തപ്പെട്ടു. പുസ്തകത്തിൽ നിന്നുള്ള പാഠഭാഗങ്ങൾ മാത്രം അടിസ്ഥാനമാക്കിയായിരുന്നു പരീക്ഷ ചോദ്യങ്ങൾ.

## വാർഷിക പരീക്ഷ

10, 12, ഡിഗ്രി ക്ലാസ്സുകളുടെ 2019-2020, 2020-2021 അദ്ധ്യായന വർഷങ്ങളിലെ വാർഷിക പരീക്ഷ 30.05.2021 ഞായറാഴ്ച 2 മണിക്ക് ജില്ലാ കേന്ദ്രങ്ങളിൽവച്ച് നടത്തപ്പെടുന്നു.

# അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## അനുഗ്രഹ കേശദാനം സ്നേഹദാനം പദ്ധതി

അനുഗ്രഹ സോഷ്യൽ സർവ്വീസ് സൊസൈറ്റി തൃശ്ശൂർ അമല ക്യാൻസർ റിസർച്ച് സെന്ററിന്റെ സഹകരണത്തോടു കൂടി സ്വാഭാവിക മുടികൊണ്ടു തന്നെ വിഗ്ഗ് തയ്യാറാക്കി ക്യാൻസർ രോഗികൾക്ക് സൗജന്യമായി നൽകുന്ന പദ്ധതിയാണ് അനുഗ്രഹ കേശദാനം സ്നേഹദാനം പദ്ധതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 978307982.

## ഔഷധ സസ്യത്തോട്ട പരിപാലനം - ഏകദിന സെമിനാർ

കേരള ഗവൺമെന്റിന്റെ ആയൂഷ് വിഭാഗത്തിന്റെ സാമ്പത്തിക സഹായത്തോടു കൂടി ഔഷധ സസ്യത്തോട്ട പരിപാലനവും പ്രസക്തിയും എന്ന വിഷയത്തെപ്പറ്റി ഒരു ഏകദിന സെമിനാർ മാർച്ച് മാസം

20-ാം തീയതി ഓമല്ലൂർ ദർശന ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിച്ചു. റവ.ഡോ.സി.ഷോളി ഫ്രാൻസിസ് S.H(B.A.M.S) ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## ദുരന്ത ലഘൂകരണ പദ്ധതി (DRR)

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടു കൂടി നടപ്പിലാക്കുന്ന ദുരന്ത ലഘൂകരണ പദ്ധതിയുടെ ഭാഗമായി കാരിത്താസ് ഇന്ത്യയുടെ പ്രതിനിധികൾ പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചു. പ്രത്യേകം തെരഞ്ഞെടുത്ത പത്ത് വാർഡുകളിൽ സംഘം സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി. കാരിത്താസ് ഇന്ത്യയുടെ പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീമതി സിബി പൗലോസ്, ഡയറക്ടർ ഫാ. വർഗീസ് ചാമക്കാലായിൽ, ശ്രീമതി. സുജ തോമസ് തുടങ്ങിയവർ പങ്കെടുത്തു.

## പരിസ്ഥിതി ലോല പ്രദേശങ്ങളിലുള്ള ഇടവക പ്രതിനിധികളുടെ മീറ്റിംഗ്

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള JPD കമ്മീഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി ലോല, പരിസ്ഥിതി ദുർബല പ്രദേശങ്ങളിലുള്ള ഇടവക പ്രതിനിധികളുടെ ഒരു യോഗം ചിറ്റാർ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ പള്ളിയിൽ വച്ച് നടന്നു. കെ.സി.ബി.സി JPD കമ്മീഷൻ ഡയറക്ടർ ഫാ.ജേക്കബ് മാവുങ്കൽ, ഫാ.വർഗീസ് ചാമക്കാലായിൽ, റവ.സി.ജസീനാ, റവ.സി.പവിത്ര എസ്.ഐ.സി, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകിയവരെ ആദരിച്ചു

ലോക വനിതാദിനാചരണത്തിന്റെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവമായി നിലകൊണ്ട വനിതകളെ ആദരിച്ചു. കോട്ടയം ആമോസ് സെന്ററിൽ വച്ച് നടന്ന ദിനാചരണ

ത്തിൽ പത്തനംതിട്ട രൂപതയെ പ്രതിനിധികരിച്ച ഡോ.കൊച്ചുറാണി ജോസഫിന് അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിൽ നിന്ന് പ്രത്യേക അവാർഡ് ലഭിച്ചു. വടക്കുപുറം മലങ്കര കത്തോലിക്കാ പള്ളി ഇടവക അംഗമാണ്. പ്രത്യേക അഭിനന്ദനങ്ങൾ...

## കാട വളർത്തൽ പരിശീലനം

കേരള സർക്കാരിന്റെ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന സെൻട്രൽ ഹാച്ചറിയുടെ നേതൃത്വത്തിൽ കാടവളർത്തൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. ഡോ.എസ്.നീന (അസി.ഡയറ്കടർ) ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. 75 അംഗങ്ങൾ പങ്കെടുത്തു.

## ലോക ക്യാൻസർ ദിനാചരണം നടത്തി

ഫെബ്രുവരി 4-ാം തീയതി ലോക ക്യാൻസർ ദിനാചരണത്തിന്റെ ഭാഗമായി മൈലപ്ര സേക്രട്ട് ഹാർഡ് ഹയർ സെക്കന്ററി സ്കൂളിൽ ദിനാചരണം നടത്തി. രൂപതാ കറസ്പോണ്ടന്റ് റവ.ഫാ.വർഗീസ് കാലായിൽ വടക്കേതിൽ ഉദ്ഘാടനം ചെയ്തു. കോഴഞ്ചേരി താലൂക്ക് ഹോസ്പിറ്റൽ ക്യാൻസർ രോഗവിദഗ്ദൻ ഡോ.അനീഷ് കെ.സോമൻ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തുടർന്ന് കുട്ടികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. ഡയറക്ടർ ഫാ.വർഗീസ് ചാമക്കാലായിൽ, റവ.സി.പവിത്ര എസ്.ഐ.സി, പ്രിൻസിപ്പാൾ ഇൻ ചാർജ്ജ് ശ്രീമതി ജിമ്മി ലൈറ്റ് തുടങ്ങിയവർ പങ്കെടുത്തു.

## പുതിയ പദ്ധതികൾക്കുള്ള അപേക്ഷ സമർപ്പിച്ചു

(a) കേരള സർക്കാരിന്റെ കേരള സ്റ്റേറ്റ് റൂട്രോണിക്സ് വിജയവീഥി പഠനകേന്ദ്രത്തിനുള്ള അപേക്ഷ സമർപ്പിക്കുകയും വിദഗ്ധ സമിതി മാർച്ച് മാസം 9-ാം തീയതി പഠനകേന്ദ്രം സന്ദർശിക്കുകയും ചെയ്തു.

(b) കേരള സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റിയും വിവിധ പദ്ധതികളിലേക്കുള്ള അപേക്ഷ സമർപ്പിക്കുകയും മാർച്ച് മാസം 3-ാം തീയതി വിദഗ്ധ സംഘം ഓഫീസ് സന്ദർശിക്കുകയും ചെയ്തു.

# സെന്റ് തോമസ് മൈനർ സെമിനാരി

## വൈദികവസ്ത്രം സ്വീകരിച്ചു

പത്തനംതിട്ട രൂപതയ്ക്കുവേണ്ടി ബ്രദർ കുന്നത്ത് തോമസ് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും പത്തനംതിട്ട കത്തീഡ്രൽ ദൈവാലയത്തിൽവച്ച് 2021 ഫെബ്രുവരി 13 ന് വൈദികവസ്ത്രം സ്വീകരിച്ചു.

## തത്ത്വശാസ്ത്ര പഠനം ആരംഭിച്ചു

മൈനർ സെമിനാരിയിലെ പഠനം പൂർത്തിയാക്കി ഫിലോസഫി പഠനത്തിനായി നമ്മുടെ മൂന്ന് വൈദികാർത്ഥികൾ വിവിധ മേജർ സെമിനാരികളിൽ പ്രവേശിച്ചു. ബ്രദേഴ്സിന്റെ പേരും അവർ പഠിക്കുന്ന സെമിനാരിയും ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ബ്ര.കുഴികാട്ടിൽ ഫിലിപ്പോസ് | - | തൃശ്ശൂർ |
| ബ്ര.വിളയിൽ ഗീവറുഗീസ് | - | തൃശ്ശൂർ |
| ബ്ര.കൊച്ചുവീട്ടിൽ വർഗീസ് | - | ആലുവ |

## ചെറുപട്ട സ്വീകരണം

പത്തനംതിട്ട രൂപതയ്ക്കുവേണ്ടി ദൈവശാസ്ത്രം പഠിക്കുന്ന 13 വൈദിക വിദ്യാർത്ഥികളിൽ 6 പേർ ഏപ്രിൽ മാസം 27-ാം തീയതി രാവിലെ 6.30 ന് അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് മ്ശംശോനോ പട്ടവും, 7 പേർ 28-ാം തീയതി രാവിലെ 6.30 ന് മ്സമ്റോനോ, കോറൂയോ, ഹെവുപ്പ്ദയ്ക്ക്നോ എന്നീ

പട്ടങ്ങളും സ്വീകരിച്ചു. സെന്റ് തോമസ് മൈനർ സെമിനാരിയിൽവച്ച് നടന്ന ഈ ശുശ്രൂഷയിൽ വികാരി ജനറാൾ റൈറ്റ്.റവ.മോൺ.ഷാജി മാണികുളം, മറ്റ് വൈദികർ, സിസ്റ്റേഴ്സ്, മാതാപിതാക്കൾ തുടങ്ങിയ വർ പങ്കെടുത്തു.

## റീജൻസിയിൽ പ്രവേശിച്ചു

നമ്മുടെ ഭദ്രാസനത്തിനുവേണ്ടി തത്ത്വശാസ്ത്രപഠനം പൂർത്തിയാക്കിയ പത്ത് വൈദിക വിദ്യാർത്ഥികളുടെ റീജൻസി തുടങ്ങി. ബ്രദേഴ്സിന്റെ പേരും അവരുടെ റീജൻസി സ്ഥലവും ചുവടെ ചേർക്കുന്നു.

ബ്ര.ചരിവുപുരയിടത്തിൽ ജോർജ്ജ് - സോഷ്യൽ സർവ്വീസ്
ബ്ര.കവുങ്ങുംപള്ളിൽ ജോൺ (അലൻ) - കാതോലിക്കേറ്റ് സെന്റർ
ബ്ര.കാരയ്ക്കൽ മേന്മുറിയിൽ മാത്യു (ടോണി) - യൂണിറ്റി ഹൗസ്, ചിറ്റാഴ
ബ്ര.കിടങ്ങേൽ തോമസ് (സ്റ്റാൻലി) - ബിഷപ്പ്സ് ഹൗസ്
ബ്ര.പാറയ്ക്കൽ ആരോമൽ (അനു) - ബിഷപ്പ്സ് ഹൗസ്
ബ്ര.കയ്യാലയ്ക്കൽ സാം - മൈനർ സെമിനാരി
ബ്ര.മുള്ളൻമുരുപ്പേൽ ഏബ്രഹാം (റോബിൻ) } പൂനെ-കട്കി രൂപത
ബ്ര.തോണുവേലിൽ കുര്യൻ (നിതിൻ) }
ബ്ര.പുത്തൻപ്പുരയ്ക്കൽ തോമസ് (ജോബിൻ) - കാർമല
ബ്ര.തേന്മാവിൽകൂട്ടത്തിൽ ലിജോ - കാരുണ്യഭവൻ
ബ്ര.ഇല്ലിക്കൽ ജോസഫ് - മൈനർ സെമിനാരി

## സ്വാഗതം

സെമിനാരിയുടെ വൈസ് റെക്ടറായി നിയമിതനായ

ബഹുമാനപ്പെട്ട **ഫാ.തോമസ് അറപ്പുരയ്ക്കലിന്**

**ഹൃദ്യമായ സ്വാഗതം**

# മലങ്കര കാത്തലിക് അസോസിയേഷൻ

## വാർഷിക അസംബ്ലി

പത്തനംതിട്ട രൂപത മലങ്കര കാത്തലിക് അസോസിയേഷൻ വാർഷിക അസംബ്ലി 2021 ഫെബ്രുവരി 28 ഞായറാഴ്ച 2.00 മണിക്ക് പത്തനംതിട്ട സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ ഓഡിറ്റോറിയത്തിൽവച്ച് നടത്തപ്പെട്ടു. തുടർന്ന് 2021-2022 വർഷത്തിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ശ്രീ.തോമസ് ഏബ്രഹാം |
| ഒന്നാം വൈസ് പ്രസിഡന്റ് | - | ശ്രീ.ജോസ് മാത്യു കുന്നത്ത് |
| വൈസ് പ്രസിഡന്റ് | - | ശ്രീ.മാത്യു കെ.തോമസ് |
| വൈസ് പ്രസിഡന്റ് (വനിത) | - | ശ്രീമതി ആഷാ സജി |
| ജനറൽ സെക്രട്ടറി | - | ശ്രീ.മനോജ് തടത്തിൽ |
| സെക്രട്ടറി | - | ശ്രീ.വിൽസൺ പാലവിള |
| സെക്രട്ടറി | - | ശ്രീ.ഷാജി റ്റി. |
| സെക്രട്ടറി (വനിത) | - | ശ്രീമതി ജിൻസി ബിജു |
| ട്രഷറാർ | - | ശ്രീ.ഏബ്രഹാം സെബാസ്റ്റ്യൻ |
| എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ | | |
| | - | ശ്രീ.പി.കെ.ജോസഫ് മേലേക്കൂറ്റ് |
| | - | ശ്രീ.റ്റി.ജെ.ജോയിക്കുട്ടി |
| | - | ശ്രീ.ചെറിയാൻ ചെന്നീർക്കര |
| | - | ശ്രീ.സി.വി.ഈപ്പൻ, ചൂണ്ടമണ്ണിൽ |
| | - | ശ്രീമതി നിർമ്മല ജെയിംസ് |

സഭാതല സമിതി അംഗങ്ങൾ

- ശ്രീ.തോമസ് തുണ്ടിയത്ത്
- ശ്രീ.സണ്ണി ജോർജ്ജ്
- ശ്രീമതി മേരിക്കുട്ടി ഏബ്രഹാം

തിരഞ്ഞെടുക്കപ്പെട്ട രൂപതാസമിതി അംഗങ്ങൾ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് മെത്രാപ്പോലീത്താ മുൻപാകെ 03.03.2021 ൽ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏറ്റെടുത്തു.



2021-2022 വർഷത്തെ രൂപതാസമിതി അംഗങ്ങൾ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിനോടൊപ്പം



തോമസ് ഏബ്രഹാം



മനോജ് ജോർജ്ജ്



ഏബ്രഹാം സെബാസ്റ്റ്യൻ

**തോമസ് ഏബ്രഹാം** (പ്രസിഡന്റ്)

മലങ്കര കാത്തലിക് അസോസിയേഷൻ പത്തനംതിട്ട ഭദ്രാസന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട തോമസ് ഏബ്രഹാം മേക്കൊഴൂർ. കേരള യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തിരുവനന്തപുരം മേജർ അതിരൂപതാ പ്രസിഡന്റ്, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ദക്ഷിണ മേഖല പ്രസിഡന്റ്, മലങ്കര കാത്തലിക് അസോസിയേഷൻ ദേശീയ സമിതിയംഗം, ഭദ്രാസന ജനറൽ സെക്രട്ടറി, കാത്തലിക് ഫെഡറേഷൻ ഓഫ് ഇന്ത്യ കമ്മിറ്റി അംഗം, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ്, ഭാരത് സ്കൗട്ട് & ആൻഡ് ഗൈഡ്സ് പത്തനംതിട്ട ജില്ലാ കമ്മീഷണർ, സ്റ്റേറ്റ് കമ്മിറ്റിയംഗം, മൈലപ്ര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

പ്രവർത്തനങ്ങളുടെ അംഗീകാരമായി മലങ്കര മേജർ ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയോസ് സപ്തതി മെമ്മോറിയൽ അവാർഡും മികച്ച അദ്ധ്യാപകനുള്ള കേരള സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്.

**മനോജ് ജോർജ്ജ്** (ജനറൽ സെക്രട്ടറി)

സീതത്തോട് മലങ്കര കത്തോലിക്കാ പള്ളി മുൻ സെക്രട്ടറി, എം.സി.എ. സീതത്തോട് വൈദിക ജില്ലാ മുൻ ജനറൽ സെക്രട്ടറി, നിലവിൽ സീതത്തോട് യുണൈറ്റഡ് ക്രിസ്ത്യൻ അസോസിയേഷൻ ജനറൽ സെക്രട്ടറി, സണ്ടേസ്കൂൾ സ്കൂൾ ഹെഡ്മാസ്റ്റർ, കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

**ഏബ്രഹാം സെബാസ്റ്റ്യൻ** (ട്രഷറാർ)

കോന്നി വൈദികജില്ല എം.സി.വൈ.എം പ്രസിഡന്റ് 2017-2021 കാലഘട്ടത്തിൽ എം.സി.എ ജില്ലാ ട്രഷറാർ, ജില്ലാ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ആഞ്ഞിലികുന്ന് ദൈവാലയത്തിൽ ട്രസ്റ്റിയായി ശുശ്രൂഷ ചെയ്യുന്നു.

# ജന്മദിനാശംസകൾ

| | |
|---|---|
| May 01 | Fr.Varghese Chamakalayil |
| May 06 | Fr.Varghese Kuthineth |
| May 07 | Fr.Martin Joseph Puthuveedu |
| May 10 | Fr.George Puthenvilayil |
| May 11 | Rev.Dr.Sijo James |
| May 14 | Fr.Mathew Charivukalayil |
| May 18 | Fr.Geevarghese Ezhiyath (Binoy) |
| | Fr.Sebastian Ambasseril |
| May 19 | Fr.John Chakkulledathu |
| May 25 | Fr.Paul Nilackal Thekkethil |
| | Fr.Abraham Meppurathu |
| May 26 | Rev.Dr.Shaji Thomas Manikulam |
| | Fr.Joseph Erattapulickal (Boby) |
| May 28 | Fr.Abraham Varghese Kumathumkal |
| | Fr.A.D Jose Kalavila |
| May 29 | Fr.Ninan Paul Ramban |
| May 30 | Fr. Varghese Samuel Kizhakkevila |
| May 31 | Fr.Santhosh Thomas Koickal |

# MADONNA INTERNATIONAL RESIDENTIAL SCHOOL

Puthenpeedika, Pathanamthitta, Kerala - 689 647
Phone : 0468 2220432, 9447461432, 8301912432
madonnainternationalpta@gmail.com
madonnaschoolindia.com

## AFFILIATION SANCTIONED



## BY
## CBSE, NEWDELHI
## NO. 931363



## 2021
## ADMISSION OPEN

# MAR CHRYSOSTOM COLLEGE OF ARTS & SCIENCE

PARANTHAL-ADOOR

AFFILIATED TO THE UNIVERSITY OF KERALA
MANAGED BY THE SYRO MALANKARA CATHOLIC DIOCESE OF PATHANAMTHITTA

*Courses*

**MA ENGLISH | BA ENGLISH**
**BCA | BSC MATHEMATICS**
**B COM TAXATION**
**B COM WITH COMPUTER APPLICATION**




ENROLL NOW

Mob : 8281292154, 9747112587

APPLY ONLINE

www.marchrysostomcollege.com



പുതുക്കിപ്പണിത പേഴുംങ്കൽ
സെന്റ് സെബാസ്റ്റ്യൻസ് കത്തോലിക്കാ
ദൈവാലയത്തിന്റെ കൂദാശ
2021 മാർച്ച് 27-ാം തീയതി
അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ്
മെത്രാപ്പോലീത്താ നടത്തി



പമ്പുമല ദൈവാലയത്തിന്റെ
ഗ്രോട്ടോയുടെ കൂദാശാകർമ്മം 2021
ഏപ്രിൽ 23 ന്
അഭിവന്ദ്യ സാമുവേൽ മാർ
ഐറേനിയോസ് മെത്രാപ്പോലീത്താ
നടത്തി



കല്ലേലി സെന്റ് ജോർജ്ജ് പള്ളിയുടെ നവീകരിച്ച
സെന്റ് മേരീസ് ചാപ്പലിന്റെ കൂദാശാകർമ്മം 2021
ഏപ്രിൽ 25 ന് അഭിവന്ദ്യ സാമുവേൽ മാർ
ഐറേനിയോസ് മെത്രാപ്പോലീത്താ നടത്തി



2021 ഏപ്രിൽ 05 ന് സന്യാസവ്രതവാഗ്ദാനം സ്വീകരിച്ച സി.നോബിൾ എസ്.ഐ.സി, സി.ആൻ ജോസ് എസ്.ഐ.സി, സി.എയ്ഞ്ചൽ ജോസ് എസ്.ഐ.സി എന്നിവർ അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവിനൊപ്പം

# വലിയ ഇടയന് പ്രണാമം

